# കേരള കാർഷിക സർവ്വകലാശാല

കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര.

**കാർഷിക നിർദ്ദേശക ബുള്ളറ്റിൻ**

(ടെലിഫോൺ: 04872371931)

## തൃശ്ശൂർ

**E mail: kauagmet@yahoo.co.in**

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എഎസ്28/16, ചൊവ്വാഴ്ച** **തീയ്യതി 05.07.2016**

**കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി**: കഴിഞ്ഞ ആഴ്ച്ച വെള്ളാനിക്കരയിൽ 142.2 മി.മീ മഴ ലഭിച്ചു. ഏറ്റവും ഉയർന്നതാപനില 28.7 മുതൽ 31.4 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 20.3 മുതൽ 22.4 ഡിഗ്രി സെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 95 മുതൽ 98 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 67 മുതൽ 99 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 0.7 മുതൽ 2.2 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനംപ്രതി 0.0 മുതൽ 7.0 മണിക്കൂറും ബാഷ്പീകരണം ദിനം പ്രതി 1.4 മുതൽ 3.1 മില്ലി.മീറ്റർ വരെയും ആയിരുന്നു.

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 06.07.2016 | 07.07.2016 | 08.07.2016 | 09.07.2016 | 10.07.2016 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 24 | 26 | 24 | 20 | 15 |
| ഉയർന്ന താപനില (°C) | 29 | 29 | 29 | 29 | 29 |
| കുറഞ്ഞ താപനില (°C) | 22 | 22 | 23 | 23 | 23 |
| മേഘവ്യാപ്തി (ഒക്ട) | 6 | 6 | 6 | 7 | 7 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 75 | 75 | 75 | 75 | 75 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 008 | 008 | 008 | 013 | 013 |
| കാറ്റിന്റെ ദിശ ( ഡിഗ്രി) | 270 | 270 | 290 | 290 | 270 |

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം/രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല്(ജ്യോതി, കാഞ്ചന) | ഞാറു പരുവം | വിരിപ്പു കൃഷി ഞാറു പരുവത്തിലാണ്. |
| വാഴ | മാണ അഴുകൽ | മഴ കൂടി വരുന്ന സാഹചര്യത്തിൽ വാഴയിൽ മാണ അഴുകലിനു സാധ്യതയു ്. പ്രതിരോധ നടപടി എന്ന നിലയിൽ 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി 2 ലിറ്റർ വീതം ഓരോ വാഴയുടെ ചുവട്ടിലും ഒഴിച്ചു കൊടുക്കുക. |
| തെങ്ങ് | ചെന്നീരൊലിപ്പ് | തെങ്ങിൻ തടങ്ങളിൽ വെള്ളക്കെട്ട് തടയുക. ചെന്നീരൊലിപ്പ് രോഗം ഈ കാലാവസ്ഥയിൽ വ്യാപകമാകുന്നതിന് സാധ്യതയു ്. രോഗം ബാധിച്ച ഭാഗങ്ങൾ ചെത്തിമാറ്റി അവിടെ 5% വീര്യമുള്ള ട്രൈഡെമോർഫ് പുരട്ടുക. ര ുദിവസത്തിനുശേഷം കോൾട്ടാർ തേയ്ക്കുന്നത് നല്ലതാണ്. ട്രൈഡെമോർഫ് 25 മില്ലി 25 ലിറ്റർ വെള്ളത്തിൽ ചേർത്ത് നാലുമാസത്തിലൊരിക്കൽ തെങ്ങിന്റെ ചുവട്ടിൽ നനച്ചുകൊടുക്കുന്നതും നല്ലതാണ്. |
| പച്ചക്കറികൾ | കായ്തുരപ്പൻ | കായ്തുരപ്പന്റെ ആക്രമണം നിയന്ത്രിക്കാനായി 5% വീര്യമുള്ള വേപ്പിൻ കുരു സത്ത് തളിക്കുക. |

**വേപ്പിൻ കുരു സത്ത് ഉ ാക്കുന്ന വിധം:**

വേപ്പിൻ കുരു നന്നായി പൊടിച്ചെടുക്കുക. 30 ഗ്രാം വേപ്പിൻകുരു പൊടി ഒരു തുണിയിൽ കിഴികെട്ടി 10 ലിറ്റർ വെള്ളത്തിൽ 12 മണിക്കൂർ മുക്കിയിടുക. തുടർന്ന് കിഴി പിഴിഞ്ഞ് സത്ത് പുറത്തെടുക്കുക. ഇളം തവിട്ടു നിറത്തിൽ സത്തു വരുന്നതുവരെ ഇങ്ങനെ കിഴി വെള്ളത്തിൽ മുക്കി പിഴിഞ്ഞെടുക്കുക. ഇങ്ങനെ ഉ ാക്കിയ വേപ്പിൻകുരു സത്ത് ലായിനി ചെടികളിൽ നേരിട്ട് തളിക്കാം.